# ആക്ട് ടെലിവിഷൻ 450 കോടിയുടെ നിക്ഷേപമിറക്കും

**ബാംഗ്ലൂർ:** ഇൻററാക്ടീവ് ടെലിവിഷൻ സേവനരംഗത്ത് ആക്ട് ടെലിവിഷൻ 450 കോടിയുടെ നിക്ഷേപമിറക്കും.

ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കമ്പനി കേബിൾ ടിവി, ഡിജിറ്റൽ ടിവി, ഐ.പി.ടി.വി., ബ്രോഡ്ബാൻഡ് എന്നീ സേവനങ്ങളാണ് നൽകിവരുന്നത്.

ബാംഗ്ലൂരിൽ ആക്ടിന് ഒരുലക്ഷം വരിക്കാരാണ് ഉള്ളത്. അടുത്ത രണ്ടുവർഷത്തിനുള്ളിൽ ഒരുലക്ഷം വരിക്കാരെ കമ്പനി ലക്ഷ്യമിടുന്നതായി മാനേജിങ് ഡയറക്ടർ സുന്ദർരാജു പറഞ്ഞു.

മധ്യപ്രദേശിലെ ഇൻഡോർ, ആന്ധ്രയിലെ വിജയവാഡ, നല്ലോർ എന്നിവിടങ്ങളിലും ആക്ടിൻെറ സേവനം ലഭിക്കും.

ഇഷ്ടപ്പെട്ട ടിവി ചാനൽ, മൂന്നു ഭാഷകളിൽ നിന്നായി നാനൂറിലധികം സിനിമകൾ, ലോക വാർത്താ ചാനലുകൾ, വീഡിയോ, ഇൻറർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ആക്ട് ടെലിവിഷൻ നൽകിവരുന്നതായി കമ്പനി അധികൃതർ അറിയിച്ചു.